**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2420 05.11.2019-ലെ മറുപടിക്ക്

**വ്യവസായ പ്രദർശന വിപണന കേന്ദ്രം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ വാണിജ്യ വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണന സാധ്യത കണ്ടെത്തുന്നതിനും രാജ്യത്തെ മറ്റ് പല സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമിട്ട് കിൻഫ്രയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി ചേർന്നുള്ള സംയുക്ത സംരംഭമായി എറണാകുളം കാക്കനാട് ഒരു സ്ഥിരം വ്യവസായ പ്രദർശന വിപണന കേന്ദ്രം ആരംഭിക്കുവാനായുള്ള പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ? | വാണിജ്യ വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണന സാധ്യത കണ്ടെത്തുന്നതിനും രാജ്യത്തെ മറ്റ് പല സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമിട്ട് കിൻഫ്രയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻഡ്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനും (ITPO) ചേർന്ന് സംയുക്ത സംരംഭമായി ഒരു അന്താരാഷ്ട്ര എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട് 15 ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കിൻഫ്രയും ITPO യുമായുള്ള ധാരണാപത്രം തയ്യാറായിട്ടുണ്ട്. ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**